**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4074** | **20.03.2018 -ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകരെ രക്ഷിക്കാൻ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ വിവിധ തരത്തിലുള്ള കാർഷിക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് ഗവൺമെന്റിൽ നിന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ കർഷകർക്ക് വിവിധ വിളകൾ കൃഷി ചെയ്യുന്നതിന് പ്രസ്തുത വിള വികസന പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ കാർഷിക വൈദ്യുതി സൗജന്യം, പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിളനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി വിള ഇൻഷ്വറൻസ് പരിരക്ഷ, 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ കർഷക പെൻഷൻ എന്നിവയും നൽകുന്നു. ഇതിനു പുറമേ സംസ്ഥാന ഹോർട്ടിക്കൾച്ചർ മുഖേന പഴവർഗ്ഗങ്ങൾ, സുഗന്ധവിളകൾ, പൂക്കൾ, കശുമാവ്, കൊക്കോ എന്നിവയുടെ കൃഷിക്കും നടീൽ വസ്തുക്കളുടെ ഉൽപാദനത്തിനും, സൂക്ഷ്മജലസേചന സംവിധാനം ഏർപ്പെടുത്തുന്നതിനും, വിളവെടുപ്പിന് ശേഷമുള്ള പരിചരണ സംവിധാനങ്ങൾക്കും (പായ്ക്ക്ഹൌസുകൾ, പ്രീകൂളിംഗ് യൂണിറ്റുകൾ), വിപണന സംവിധാന ത്തിനും (ഗ്രാമീണ വിപണികൾ, ചില്ലറ വിപണികൾ) സാമ്പത്തിക സഹായം നൽകുന്നുണ്ട് വിവിധ പദ്ധതികൾ മുഖേന കർഷകർക്ക് നൽകുന്ന ആനുകൂല്യം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) റബ്ബറിന്റെ വിലക്കുറവ് മൂലം സാധാരണക്കാരായ ചെറുകിട കർഷകർ റബ്ബർ ടാപ്പിംഗ് ചെയ്യാൻ സാധിക്കാതെ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) ഉണ്ട്. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനു വേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി (RPIS) നടപ്പിലാക്കി വരുന്നു. സർക്കാർ ധനകാര്യ |

(....2)

വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150-/ രൂപയാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയതിൽ കർഷകർക്ക് വിതരണം പുരോഗമിച്ച വരുന്നു. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'സിയാൽ' (CIAL) മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) റബ്ബർ കർഷകരെ രക്ഷിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടിയുണ്ടോ;

കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും, കേന്ദ്ര സർക്കാരിന്റെ ലൈവലി ഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ - വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും, ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ- വ്യവസായ വകുപ്പ മന്ത്രിയെ 22/2/2018 –ൽ നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരള ത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാ നത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധി കളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും, റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉല്പാദക ബോണസ് 150/- രൂപയിൽ നിന്നും 200/-രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് റബ്ബർ ഇറക്കുമതി ചെയ്യുന്നുണ്ടോ; ഇറക്കുമതിയാണോ റബ്ബറിന്റെ വിലകുറയാൻ കാരണമെന്ന് വിശദമാക്കാമോ?

(ഡി) ഉണ്ട്. കേന്ദ്ര വാണിജ്യ വകുപ്പിന്റെ കീഴിലുള്ള വിദേശ വ്യാപാര ഡയറക്ടർ ജനറൽ ഓഫീസിന്റെ (DGFT) നോട്ടിഫിക്കേഷൻ നമ്പർ 32/2015-2020

തീയതിയിലെ 20/01/2016 ഉത്തരവ് പ്രകാരം സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചെന്നൈ പോർട്ട്, മുബൈയിലെ ജവഹർലാൽ നെഹ്റുപോർട്ട് എന്നീ തുറമുഖങ്ങളിലൂടെ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2016-17-ൽ 426188 മെട്രിക് ടണ്ണും 2017-2018-ൽ (2018 ജനുവരി വരെ) 374190 മെട്രിക് ടണ്ണും സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | പദ്ധതി ഘടകം | ധനസഹായം നിരക്ക് |
|---|---|---|
| **നെൽകൃഷി വികസനം** | | |
| 1) | ഗ്രൂപ്പ് ഫാമിംഗ് | 1500 രൂപ / ഹെക്ടർ |
| 2) | കരനെൽകൃഷി | 13600 രൂപ /ഹെക്ടർ |
| 3) | തരിശുനിലങ്ങളിൽ കൃഷി | |
| | ഒന്നാം വർഷം | 30000 രൂപ / ഹെക്ടർ |
| | രണ്ടാം വർഷം | 7000 രൂപ / ഹെക്ടർ |
| | മൂന്നാം വർഷം | 4500 രൂപ / ഹെക്ടർ |
| 4) | ഒരുപൂനിലങ്ങളിൽ ഇരുപ്പൂ കൃഷി | 10000 രൂപ/ ഹെക്ടർ |
| 5) | സവിശേഷ നെല്ലിനങ്ങളുടെ കൃഷി | 10000 രൂപ / ഹെക്ടർ |
| 6) | ഉൽപാദന ബോണസ് | 400 രൂപ /ഏക്കർ / സീസൺ |
| **പച്ചക്കറി വികസനം** | | |
| 1) | വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കുടുംബങ്ങൾ എന്നിവർക്ക് പച്ചക്കറി വിത്ത് വിതരണം | 10 രൂപയുടെ പച്ചക്കറി വിത്ത് കിറ്റുകൾ സൌജന്യമായി നൽകുന്നു |
| 2) | മട്ടുപ്പാവിലെ പച്ചക്കറി കൃഷി പോട്ടിംഗ് മിശ്രിതം നിറച്ച 25 ഗ്രോബാഗുകളും പച്ചക്കറി തൈകളും അടങ്ങുന്ന യൂണിറ്റ് | 2000 രൂപയുടെ ഗ്രോബാഗ് യൂണിറ്റ് 75% സബ്സിഡി നിരക്കിൽ യൂണിറ്റ് ഒന്നിന് 500/- രൂപ വിലയ്ക്ക് |
| 3) | മട്ടുപ്പാവിലെ പച്ചക്കറി കൃഷിക്ക് പുനരുദ്ധാരണ ചെലവ് | വിത്ത്, തൈകൾ, വളം-എന്നിവ സൌജന്യമായി നൽകുന്നു |
| 4) | ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി | ഹെക്ടറിന് 15,000 രൂപ ധനസഹായം. 5 ഹെക്ടർ കൃഷി ചെയ്യുന്ന ഒരു ക്ലസ്റ്ററിന് 75000/- രൂപ വരെ ധനസഹായം |
| 5) | പമ്പ്സെറ്റ് | 50% സബ്സിഡി നിരക്കിൽ പരമാവധി 10,000/- രൂപയുടെ ധനസഹായം (1.5 HP പമ്പ് സെറ്റുകൾക്ക്) |
| 6) | സസ്യസംരക്ഷണ ഉപകരണങ്ങൾ | 50% നിരക്കിൽ പരമാവധി 1500/- രൂപ ധനസഹായം |
| 7) | തരിശു നിരത്തിൽ പച്ചക്കറി കൃഷി | ഹെക്ടറിന് 30,000/- രൂപ ധനസഹായം (കർഷകന് 25,000/- രൂപ, ഭൂവുടമയ്ക്ക് 5000/- രൂപ) |

| | | |
|---|---|---|
| 8) | സ്റ്റാഗേർഡ് ക്ലസ്റ്റർ | ഹെക്ടറിന് 15000 രൂപ / ധനസഹായം |
| 9) | മഴമറകൾ സ്ഥാപിക്കുന്നതിന് | 50,000/- രൂപ ധനസഹായം (100 സ്ക്വയർ മീറ്റർ) |
| | വളപ്രയോഗത്തോടു കൂടിയ സൂക്ഷ്മജല സേചനം | 50 സെന്റിന് 30,000/- രൂപ ധനസഹായം |
| | **തെങ്ങുകൃഷി വികസനം** | |
| 1) | കേരഗ്രാമം | |
| | എ) സംയോജിത തെങ്ങ് കൃഷി പരിപാലന മുറകളായ തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവരാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണോപാധികൾ, ഇടവിള കൃഷി, രോഗബാധിതമായി ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി | 50% സബ്സിഡി പരമാവധി 25,000/- രൂപ / ഹെക്ടർ |
| | ബി) തെങ്ങ് കയറ്റ യന്ത്രങ്ങൾ | 50% സബ് സിഡി പരമാവധി 2000/- രൂപ / യന്ത്രം |
| | സി)ജലസേചന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ (കിണർ / പമ്പ്സെറ്റ്) | 50% സബ്സിഡി. പരമാവധി 25,000 രൂപ / ഹെക്ടർ. യൂണിറ്റ് ഒന്നിന് പരമാവധി 10,000/- രൂപ |
| | ഡി)ജൈവവള യൂണിറ്റ് സ്ഥാപിക്കൽ (7.2 m x 1.2 m x 0.6 m) | 10,000/- രൂപ / യൂണിറ്റ് |
| | ഇ)തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ | (25 സെന്റ് - 6250 തൈകൾ) 25% സബ്-സിഡി പരമാവധി 50,000/- രൂപ / യൂണിറ്റ് |
| | എഫ്)പഞ്ചായത്തുതല കേരസമിതി - പ്രോജക്ട് അടിസ്ഥാനത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് | 5 ലക്ഷം രൂപ / കേരഗ്രാമം |
| 2) | പ്രദർശനത്തോട്ടം (കുറിയയിനം / സങ്കരയിനം) | 47,080/- രൂപ / യൂണിറ്റ് (പ്രൈമറി പ്ലോട്ട്) 38,830/- രൂപ / യൂണിറ്റ് (സെക്കന്ററി പ്ലോട്ട്) |
| | **സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം** | |
| 1) | വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ (പ്രതിവർഷം 50000 വേരുപിടിപ്പിച്ച കുരുമുളക് | 30,000/- രൂപ / നഴ്സറി |

| | | |
|---|---|---|
| | വള്ളികൾ) സ്വയംസഹായ സംഘങ്ങൾ, വനിതാ ഗ്രൂപ്പുകൾ | |
| 2) | കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം . | 10,000/- രൂപ / ഹെക്ടർ |
| 3) | പുതിയ കുരുമുളക് തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് (വിസ്തീർണ്ണ വ്യാപനം) | 20,000/- രൂപ / ഹെക്ടർ (50% സബ്സിഡി) |
| 4) | വിസ്തീർണ്ണ വ്യാപനം - ഇഞ്ചി / മഞ്ഞൾ | 12,500 രൂപ / ഹെക്ടർ (50% സബ്സിഡി) |
| 5) | വിസ്തീർണ്ണ വ്യാപനം - ജാതി / ഗ്രാമ്പൂ | 20,000 രൂപ / ഹെക്ടർ (50% സബ്സിഡി) |
| 6) | കർഷകരുടെ കൃഷിയിടങ്ങളിലെ ജൈവ നിയന്ത്രണോപാധികളുടെ (ട്രൈക്കോഡർമ / മൈക്കോറൈസ മുതലായവ) ഉൽപാദന യൂണിറ്റുകൾ | 20,000/- രൂപ / യൂണിറ്റ് |
| 7) | കർഷകർ കണ്ടെത്തിയ തനത് ഇനങ്ങൾ ഉപയോഗിച്ചുള്ള പ്രദർശന തോട്ടം | 25 സെന്റ് പ്രദർശനത്തോട്ടത്തിന് 10,000/- രൂപ |
| 8) | മണ്ണിന്റെ അമ്ലത്വം ക്രമീകരണത്തിനുള്ള കുമ്മായ വസ്തുക്കൾക്ക് സഹായം | 5400/- രൂപ / ഹെക്ടർ |
| 9) | സൂക്ഷ്മ മൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾക്കും ധനസഹായം | 500/- രൂപ / ഹെക്ടർ |
| 10) | സംയോജിത കീടരോഗനിയന്ത്രണം | 10,000/- രൂപ / ഹെക്ടർ |
| **ജൈവകൃഷിയും ഉത്തമ കാർഷികമുറകളും (ജി.എ.പി.)** | | |
| 1) | കാസർഗോഡ് ജില്ലയിൽ വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പി.ജി.എസ്. സർട്ടിഫിക്കേഷൻ (കൃഷിക്കും സർട്ടിഫിക്കേഷനും ഉൾപ്പെടെ) | 6000/- രൂപ / ഹെക്ടർ (ജൈവ കൃഷിക്ക് ഹെക്ടറിന് 3000/- രൂപ, സർട്ടിഫിക്കേഷന് ഹെക്ടറിന് 3000/- രൂപ) |
| 2) | ക്ലസ്റ്റർ മുഖാന്തിരം ജൈവകൃഷി | 75,000 രൂപ / ക്ലസ്റ്റർ (25 ഹെക്ടർ) |
| 3) | ഇക്കോഷോപ്പുകളുടെ രൂപീകരണം | 2 ലക്ഷം രൂപ / ഇക്കോഷോപ്പ് |
| 4) | ജൈവ ഉൽപന്നങ്ങളുടെ പാക്കിംഗ്, ബ്രാൻഡിംഗ്, നേരിട്ടുള്ള വിൽപനയ്ക്കായി ക്ലസ്റ്ററുകൾക്ക് നൽകുന്നത് | 3 ലക്ഷം രൂപ / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ |
| **മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത മെച്ചപ്പെടുത്തലും** | | |
| 1) | സൂക്ഷ്മമൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾക്കുമുള്ള ധനസഹായം | 500 രൂപ / ഹെക്ടർ |
| 2) | മണ്ണിന്റെ അമ്ലത്വം നിർവീര്യമാക്കുന്നതിനായി മണ്ണ് പരിപോഷണ വസ്തുക്കൾക്കുള്ള | 5400 രൂപ / ഹെക്ടർ |

| | | |
|---|---|---|
| | ധനസഹായം | |
| 3) | പ്രദർശനത്തോട്ടങ്ങൾ | നെല്ല് - 6000 രൂപ / യൂണിറ്റ്<br>മരച്ചീനി - 4800 രൂപ / യൂണിറ്റ്<br>വാഴ/പച്ചക്കറി- 12000 രൂപ / യൂണിറ്റ് |
| **കാർഷിക വിജ്ഞാന വ്യാപനം** | | |
| **എ) ആത്മ – കേന്ദ്ര പദ്ധതി** | | |
| 1) | പരിശീലനം<br>സംസ്ഥാനത്തിനു പുറത്തുള്ള പരിശീലനം | 1250/- രൂപ / കർഷകൻ / ദിവസം (യാത്രാച്ചെലവ്, ഭക്ഷണം, താമസസൌകര്യം, മറ്റ് പരിശീലന ചെലവുകൾ ഉൾപ്പെടെ) |
| 2) | സംസ്ഥാനത്തിനകത്തുള്ള പരിശീലനം | 1000/- രൂപ / കർഷകൻ / ദിവസം (യാത്രാച്ചെലവ്, ഭക്ഷണം, താമസസൌകര്യം, മറ്റ് പരിശീ ലന ചെലവുകൾ ഉൾപ്പെടെ) |
| 3) | ജില്ലയ്ക്കകത്തുള്ള പരിശീലനം | 400/- രൂപ റസിഡൻഷ്യൽ പരിശീലനത്തിന്<br>250/- രൂപ നോൺ - റസിഡൻഷ്യൽ പരിശീലനത്തിന് |
| 4) | പഠനയാത്രകൾ<br>സംസ്ഥാനത്തിന് പുറത്തുള്ള പഠനയാത്രകൾ | 800/- രൂപ പ്രതിദിനം ഒരു കർഷകന് ചെലവാക്കാം<br>പരമാവധി 7 ദിവസം |
| 5) | സംസ്ഥാനത്തിനകത്തുള്ള പഠനയാത്രകൾ | 400/- രൂപ പ്രതിദിനം ഒരു കർഷകന് വേണ്ടി ചെലവഴിക്കാം (ഭക്ഷണം, യാത്ര, താമസസൌകര്യം)<br>പരമാവധി 5 ദിവസം |
| 6) | ജില്ലയ്ക്കകത്തുള്ള പഠനയാത്രകൾ | 300/- രൂപ പ്രതിദിനം ഒരു കർഷകന് വേണ്ടി ചെലവഴിക്കാം. പരമാവധി 3 ദിവസം |
| 7) | കൃഷി അനുബന്ധ മേഖലകളിലെ പ്രദർശനത്തോട്ടങ്ങൾ | 0.4 ഹെക്ടർ സ്ഥലത്തെ പ്രദർശനത്തോട്ടത്തിന് 4000/- രൂപ പ്രകാരം ധനസഹായം നൽകുന്നു. |
| 8) | ഫാം സ്കൂളുകൾ | ഒരു ഫാം സ്കൂളിന്റെ പ്രവർത്തന ചെലവുകൾക്കായി 29,414/- രൂപ |
| | സംയോജിത കൃഷി സമ്പ്രദായ മോഡലുകൾ | 3-10 സെന്റുവരെ 10,000/- രൂപ |
| | | 20 സെന്റ് - 20,000/- രൂപ |
| | | 30 സെന്റ് - 30,000/- രൂപ |
| | | 40 സെന്റ് - 40,000/- രൂപ |

| | | |
|---|---|---|
| | | 50 സെന്റിനും അതിന് മുകളിലും - 50,000/- രൂപ |
| | **പ്രാദേശിക വിളകളുടെ വികസനം** | |
| | എള്ള് | 5000 / ഹെക്ടർ |
| | നിലക്കടല | 15,000/ ഹെക്ടർ |
| | കരിമ്പ് | 20,000 / ഹെക്ടർ |
| | ചെറുധാന്യങ്ങൾ | 10,000 / ഹെക്ടർ |
| | **കിഴങ്ങ് / പയർവർഗ്ഗ വിളകളുടെ വികസനം** | |
| | കിഴങ്ങ് വർഗ്ഗ വിളകളുടെ വിസ്തൃതി വ്യാപനം | 15,000 / ഹെക്ടർ |
| | പയർവർഗ്ഗ വിളകളുടെ വിസ്തൃതി വ്യാപനം | 10,000 / ഹെക്ടർ |

| | | |
|---|---|---|
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | |
| **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM)** | | |
| 1) | ട്രാക്ടർ, ടില്ലർ, നടീൽ വിത്ത് വിത യന്ത്രങ്ങൾ, ബ്രഷ് കട്ടർ, കുഴിയെടുക്കൽ യന്ത്രം, ഫ്രൂട്ട് പ്ലക്കർ, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ഉപകരണങ്ങൾ, ചാഫ് കട്ടർ തുടങ്ങിയ യന്ത്രോപകരണങ്ങൾ | 35% മുതൽ 50% വരെ സബ്സിഡി |
| 2) | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | 2 $M^3$ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ജനറൽ വിഭാഗത്തിന് 9,000/- രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 11,000/- രൂപയും നൽകുന്നു |

Sreelatha
സെക്ഷൻ ഓഫീസർ